# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5128

05-07-2012-ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം

ചോദ്യം

ശ്രീ. ശിവദാസൻ നായർ
ശ്രീ. ഡൊമനിക് പ്രസന്റേഷൻ
ശ്രീ. എ.റ്റി. ജോർജ്
ശ്രീ. റ്റി.എൻ. പ്രതാപൻ

(എ) ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ &

(ബി) ഊർജ്ജ സംരക്ഷണത്തെക്കുറിച്ചും ഊർജ്ജ ക്ഷമതയെക്കുറിച്ചും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.)

(എ) & (ബി) ഉണ്ട്. ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ബോധ വൽക്കരണ ക്ലാസുകളും നിരവധി കർമ്മ പദ്ധതികളും നടത്തിവരുന്നുണ്ട്.

- കേരളത്തിലെ 60 മുനിസിപ്പാലിറ്റിയിലും 5 കോർപ്പറേഷനുകളിലും ഊർജ്ജക്ഷമതയുള്ള എൽ ഇ.ഡി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി.
- ഊർജ്ജ കാര്യക്ഷമതയുള്ള മാതൃകാ സർക്കാർ കെട്ടിടങ്ങൾ .
- സർക്കാർ കെട്ടിടങ്ങളിലെ സാധാരണ ബൾബുകൾ മാറ്റി സി.എഫ്.എൽ ആക്കുക.
- എനർജി ഇൻഫർമേഷൻ ബ്യൂറോ
- ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെ ഊർജ്ജകാര്യക്ഷമതാ പഠനം
- ഊർജ്ജ സംരക്ഷണ അവാർഡ് വ്യവസായങ്ങളിലെ ഊർജ്ജ സംരക്ഷണ പരിപാടികൾ , ഊർജ്ജ സംരക്ഷണ ബോധവൽക്കരണം.
- കുട്ടികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി എനർജി സ്മാർട്ട് സ്കൂൾ /നാളേക്കിത്തിരി ഊർജ്ജം

പരിപാടി നടപ്പിലാക്കി വരുന്നു.

- വീട്ടമ്മമാർക്ക വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. കൂടാതെ പത്രമാധ്യമങ്ങളുമായി ചേർന്ന് ഊർജ്ജ സംരക്ഷണ പരിപാടികളും മത്സരങ്ങളും നടത്തി വരുന്നു.

ഊർജ്ജ സംരക്ഷണ സാദ്ധ്യ തകളെക്കുറിച്ചും, ഊർജ്ജ സംരക്ഷണ പദ്ധതികളെക്കുറിച്ചും, തദ്ദേശ സ്വയംഭരണം സ്ഥാപനങ്ങളുമായി സഹകരിച്ച് ഊർജ്ജ സംരക്ഷണ പ്രവർത്തനം വിപുല മാക്കുന്നതിന് ബോധവൽക്കരണ പരിപാടി നടത്തി വരുന്നു

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികൾ വഴി യാണ് പദ്ധതി നടപ്പാക്കുന്നത്? | (സി) എനർജി മാനേജ്മെന്റ് സെന്റർ നേരിട്ടും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , സ്റ്റേറ്റ്/ ജില്ലാ/ താലൂക്ക് ലൈബ്രറി കൗൺസിലുകൾ പൊതുജന വായനശാലകൾ /സ്കൂളുകൾ /കോളേജുകൾ /നാഷണൽ സർവ്വീസ് സ്കീം എനർജി കൺസർവേഷൻ സൊസൈറ്റി , റസിഡന്റ്സ് അസ്സോസിയേഷനുകൾ , സന്നദ്ധ സംഘടനകൾ ഉടങ്ങിയവയുമായും സഹകരിച്ചുമാണ് പരി പാടികൾ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ.